**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3998** **15-07-2022 - ൽ മറുപടിയ്ക്ക്**

**പൊതു ആവശ്യങ്ങൾക്ക് സ്ഥലം വിട്ട് നൽകുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റിലിങ്ക്വിഷ്മെന്റ് ഫോം മുഖേന സമ്മതം അറിയിച്ചുകൊണ്ട് വ്യക്തികൾ പൊതു ആവശ്യത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ട് നൽകിയാൽ ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുമോ; ഭൂമി രജിസ്റ്റർ ചെയ്തു നല്കിയാൽ മാത്രമേ സ്വീകരിക്കാൻ കഴിയൂ എന്ന് നിയമമുള്ളതിനാൽ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് പഞ്ചായത്തുകൾ പൊതു ആവശ്യങ്ങൾക്കായി ഭൂമി ആർജ്ജിക്കുന്നത്. അപ്രകാരം ആർജ്ജിച്ച ഭൂമി മാത്രമേ റവന്യൂ രേഖകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഉടമസ്ഥാവകാശം മാറ്റി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ കഴിയുകയുള്ളൂ. നഗരസഭകളുടെ കാര്യത്തിലും ഇതേ നടപടിക്രമമാണുള്ളത്. 30.01.2020-ലെ സ.ഉ.(പി) നം.09/2020/ടി.ഡി. പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും 30.01.20 തീയതിയിലെ സ.ഉ.(പി) നം.10/2020/ടി.ഡി. പ്രകാരം രജിസ്ട്രേഷൻ ഫീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായോ പർച്ചേസ് വഴിയോ ആർജ്ജിക്കുന്ന ഭൂമിക്ക് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഭൂമി രജിസ്റ്റർ ചെയ്തെടുക്കുന്നതിന് ചെലവ് വരുന്നില്ല.<br><br>നിയമ പ്രകാരം കൈമാറ്റം ചെയ്ത് കിട്ടാത്ത ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതിന് മുമ്പായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. |
| (ബി) | പഞ്ചായത്ത് രാജ് ആക്റ്റിലെ 178-ാമത് വകുപ്പ് മൂലമാണ് ഇത്തരത്തിലൊരു പ്രശ്നം ഉണ്ടായിട്ടുള്ളത് എന്നതിനാൽ പഴയ നില പുന:സ്ഥാപിക്കുന്നതിനായി നിയമ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ നിയമ ഭേദഗതി വരുത്തുന്നതിന് | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | സർക്കാരിലേക്ക് ഭൂമി വിട്ട് നൽകുന്നതിന് റിലിങ്ക്വിഷ്മെന്റ് ഫോമിൽ അപേക്ഷ നല്കിയാൽ മതിയെന്നിരിക്കെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി പ്രസ്തുത വ്യവസ്ഥ ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ഭൂമി സർക്കാരിന് സറണ്ടർ ചെയ്ത് നൽകുന്നതിന് മാത്രമേ കഴിയൂ. റിലിങ്ക്വിഷ്മെന്റ് ഫോം മുഖേന സമ്മതം അറിയിച്ചുകൊണ്ട് വ്യക്തികൾ പൊതു ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ട് നൽകാൻ കഴിയില്ല. പ്രസ്തുത വ്യവസ്ഥ ബാധകമാക്കാനാകുമോ എന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ